## ജി എച്ച് എസ് എസ്
## മങ്ങാട്

# അമൃതാക്ഷരം



little KITEs

Kerala Infrastructure and Technology for Education

വിവര സാങ്കേതിക രംഗത്തുണ്ടായ കുതിച്ച് ചാട്ടത്തിനൊപ്പം പൊതുവിദ്യാഭ്യാസരംഗത്തുണ്ടായ മാറ്റം വളരെ ശ്രദ്ധേയമാണ്.വിവര സാങ്കേതികവിദ്യയിലൂടെ അറിവ് പകരുന്ന ഈ കാലഘട്ടത്തിൽ മാതൃഭാഷയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഉടലെടുത്ത ആശയമാണ് ഡിജിറ്റൽ മാഗസിൻ.

കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ ഉൾപ്പെടുത്തി ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിവരുന്ന ഈ ഡിജിറ്റൽ മാഗസിനുകൾ കുട്ടികൾക്ക് നൽകുന്ന ഏറ്റവും വിലയേറിയ പ്രോത്സാഹനമാണ്.ഈ സംരംഭത്തിലൂടെ അക്ഷരങ്ങളെ സ്നേഹിക്കുന്നതിനും മാതൃഭാഷയോട് കൂടുതൽ അടുക്കുന്നതിനും മാനുഷികമൂല്യങ്ങൾ മനസ്സിലാക്കുന്നതിനും കുട്ടികൾക്കിടയാകട്ടെ എന്ന് പ്രത്യാശിക്കുന്നു.

എഡിറ്റർ





## "അമൃതാക്ഷര"ത്തിന് പിന്നിൽ

**ആദിത്യാ സുനിൽ**

**സ്വാലിഹ എൻ**

**അമ്മു എസ്**

**ലക്ഷ്മി ബി കെ**

**സ്നേഹ വി സുധർശൻ**

**സൗരഭ് ആർ**

**അഫ്നാൻ എം. ഷഫീഖ്**

**അക്ഷയ് കൃഷ്ണൻ**

**അജയ് എസ്**

**അശ്വിൻ ജോസ്**

**അജയ് എസ് ഷാജു**

### കവർ പേജ്

**സ്വാലിഹ എൻ**

**ലക്ഷ്മി ബി കെ**

# ആശംസ



**കാല പ്രവാഹത്തിന്റെ സഞ്ചാരത്തിലൂടെ കൈയെഴുത്തിൽ നിന്നും ഡിജിറ്റലിലേക്ക് മാറ്റത്തിന്റെ ധ്വനി സൃഷ്ടിച്ചു കൊണ്ട് 2019 – 2020 അധ്യായന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ തയ്യാറാക്കിയ "അമൃതാക്ഷര" ങ്ങളിലെ പൊൻ കിരണങ്ങൾക്ക് എന്റെ എല്ലാവിധ ഭാവുകങ്ങളും അർപ്പിക്കുന്നു**

**കെ ഷീബ**
**ഹെഡ്മിസ്ട്രസ്**

# ആശംസ



വിവര  സാങ്കേതിക വിദ്യയുടെ സഹായത്തോടെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിനുകൾ തയ്യാറാക്കപ്പെടുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. കുഞ്ഞു പ്രതിഭകളുടെ സർഗ്ഗസൃഷ്ടിയായ ''അമൃതാക്ഷരം'' അക്ഷരങ്ങളെ സ്നേഹിക്കുന്ന ഏവരുടെയും ഹൃദയത്തിൽ പൂമഴയായി പെയ്തിറങ്ങട്ടെ........

ഹൃദയം നിറഞ്ഞ ആശംസകൾ........

ഉഷാകുമാരി എസ്

പ്രിൻസിപ്പാൾ

# ആശംസ



ശതാബ്ദി വാർഷികം പിന്നിട്ട നമ്മുടെ സ്കൂൾ ഇപ്പോൾ ഹൈടെക്ക് സ്കൂൾ ആയിമാറിയിരിക്കുകയാണ് . വിവരസാങ്കേതിക വിദ്യപൂർണ്ണമായി പ്രയോജനപ്പെടുത്തികൊണ്ട് സ്കൂളിന്റെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനോടൊപ്പം പാഠ്യേതര വിഷയങ്ങളായ കല , സാഹിത്യം എന്നീ മേഖലകളിലും വിവരസാങ്കേതിക വിദ്യയുടെ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തുന്നതിലൂടെ സ്കൂളിന്റെ യശസ്സ് ലോകത്തിന്റെ നെറുകയിലെത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി നമ്മുടെ സ്കൂളിലെ കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ ഇന്റർനെറ്റ് വഴി ലഭിക്കുന്ന ഡിജിറ്റൽ മാഗസിൻ ആക്കുവാനുള്ള ശ്രമം ശ്ലാഘനീയമാണ് . ഇതിനുവേണ്ടി പ്രവർത്തിച്ച വിദ്യാർത്ഥികളെയും അധ്യാപകരേയും ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു . ഇതിൽ ഒരു ഭാഗമാകാൻ എനിക്ക് കഴിഞ്ഞതിൽ ഉള്ള സന്തോഷം അറിയിക്കുന്നതിനോടൊപ്പം ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

ആശ ബിജു

പ്രസിഡന്റ്,പി റ്റി എ

# ആശംസ



ലിറ്റിൽ കൈറ്റ്സ് ക്ലബിലെ കുട്ടികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ "അമൃതാക്ഷര"ത്തിന് എല്ലാവിധ ആശംസകളും നേരുന്നു

മധുകുമാർ

ചെയർമാൻ, എസ്.എം.സി.

## ഉള്ളടക്കം

.......................................................................................................... 6
.......................................................................................................... 7
ഗവ . ഹയർ സെക്കന്ററിസ്കൂൾ മങ്ങാട്..........................................................10
ഗാന്ധിജി..........................................................................................12
എൻ കെടാവിളക്ക്...............................................................................14
ചിത്രശലഭവും മാളുവും.......................................................................16
എന്റെ ചിത്രം...................................................................................17
മാപ്പ്..............................................................................................18
എന്റെ ലോകം...................................................................................19
എന്റെ ചിത്രം...................................................................................22
ജീവൻ.............................................................................................23
സാഗരം സാക്ഷി..................................................................................25
എൻ കൺമണിക്ക്..................................................................................27
അന്നും ഇന്നും [അധ്യാപകപക്ഷം].............................................................28
എന്റെ ചിത്രം...................................................................................29
ഡിജിറ്റൽ ഇന്ത്യ...................................................................................30
വിദ്യാലയം.......................................................................................31
പൂക്കൾ............................................................................................33
വിശപ്പ്............................................................................................34
അച്ഛൻ............................................................................................36
എന്റെ ചിത്രം...................................................................................37
വിദ്യാലയം പ്രതിഭകൾക്കൊപ്പം (യു.പി വിഭാഗം)...........................................38
വിദ്യാലയം പ്രതിഭകൾക്കൊപ്പം (എച്ച്.എസ്.വിഭാഗം)........................................40
യാത്രാ മൊഴി.....................................................................................42
എന്റെ ചിത്രം...................................................................................43
പ്രളയാക്ഷരങ്ങൾ..................................................................................44
സൗഹൃദം.........................................................................................45
തണൽ മരം.......................................................................................47
എന്റെ ചിത്രങ്ങൾ................................................................................48
ലിറ്റിൽ കൈറ്റ്സ് ഐ.റ്റി. കൂട്ടായ്മ...............................................................49
ഒരു വട്ടം കൂടി....................................................................................51

എന്റെ ചിത്രം........................................................................................ 53
എന്റെ അമ്മ........................................................................................ 54
വിദ്യാലയത്തിലെ അക്ഷരപടികൾ........................................................................ 55
ആകാശപുത്രി........................................................................................ 56
ഡിജിറ്റൽ പൂക്കളങ്ങൾ........................................................................................ 58
സുവർണ്ണ നിമിഷങ്ങൾ........................................................................................ 59
MY LIFE........................................................................................ 62
THE HUMAN CLOCK........................................................................................ 63
FIRST IN INDIA........................................................................................ 64
CHATTAMPI SWAMIKAL........................................................................................ 65
MOTHER, MY LOVELY MOTHER........................................................................................ 66
EASY v/s DIFFICULT........................................................................................ 67
GIFT OF GOD........................................................................................ 68
PENCIL & ERASER........................................................................................ 69
MY NAME........................................................................................ 70

## ഗവ . ഹയർ സെക്കന്ററിസ്കൂൾ മങ്ങാട്



കൊല്ലം ജില്ലയിലെ കൊല്ലം താലൂക്കിൽ പുതിയ ബൈപ്പാസ് കടന്നു പോകുന്ന പ്രശാന്തസുന്ദരവും നയന മനോഹരവുമായ മങ്ങാട് ഗ്രാമം. ഒരു കാലത്ത് മൺകട്ടകളും കാടും നിറഞ്ഞിരുന്ന സ്ഥലം പിന്നീട് മങ്ങാടായി ചരിത്രത്തിൽ സ്ഥാനം പിടിച്ചു.ഒരു വിളിപ്പാടകലെ അഷ്ടമുടികായലിന്റെ കുഞ്ഞോളങ്ങളെ തഴുകിക്കൊണ്ട് വീശുന്ന മന്ദമാരുതനിൽ പരിലസിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ഗ്രാമം . രാജകീയ പ്രൗഢിയുടെ ഓർമ്മകൾ നിലനിർത്തുന്ന പുരാവസ്തുശേഖരങ്ങൾ കണ്ടെത്തിയ നാട്. രാജകിയ ഭരണത്തിന്റെ പ്രതാപങ്ങൾ ഇന്നും അങ്ങിങ്ങായി അവശേഷിക്കുന്നു.

അധ്വാനിക്കുന്ന തൊഴിലാളി വർഗം മങ്ങാടിന്റെ മുഖമുദ്രയായിരുന്നു. മീൻ പിടുത്തവും കയർ നിർമ്മാണവും ഈ ഗ്രാമത്തിന്റെ ജീവനോപാധിയിരുന്നു. പരമ്പരാഗത രീതിയിലെ ഈ കയർ നിർമ്മാണമത്രേ മങ്ങാടൻ കയറായി പിൽക്കാലത്ത് പ്രസിദ്ധമായത് . കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ മുഖ്യസ്രോതസ് ഒരു കാലത്ത് മങ്ങാടൻ കയറിന്റെ വ്യാപാരമായിരുന്നു.

ചരിത്രം ഇപ്രകാമുള്ള ഓർമ്മകൾ പങ്കുവയ്ക്കുമ്പോൾ കാലചക്രം കറങ്ങിക്കൊണ്ടേയിരുന്നു. കാലചക്രഭ്രമണത്തിൽ മങ്ങാടിനു മാറ്റങ്ങൾ സംഭവിച്ചു. ഒരു ദേശത്തിന്റെ ഐശ്വര്യവും വളർച്ചയും അവിടുത്തെ വിദ്യാലയമത്രേ . അങ്ങനെ മങ്ങാടിന്റെ പണ്ഡിതവരേണ്യൻമാരുടെ പരിശ്രമഫലമായി 1913 – ൽ ഒരു മലയാളം സ്കൂൾ സ്ഥാപിതമായി, മങ്ങാടിന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു. ഇവിടെ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ മുന്നേറ്റത്തിന്റെ നന്ദി കുറിച്ചത് ഈ വിദ്യാലയമത്രേ . ഏകദേശം 5 കിലോമീറ്റർ ദൂരത്തുനിന്നു വരെ ധാരാളം വിദ്യാർത്ഥികൾ ഈ പ്രൈമറി വിദ്യാലയത്തിലെത്തിയിരുന്നു. അങ്ങനെ സമ്പദ് സമൃദ്ധമായ ഈ നാടിനെ വിദ്യാദേവത

കനിഞ്ഞ് അനുഗ്രഹിച്ചു എൽ.പി.സ്കൂൾ 1960 – ൽ എച്ച്. എസ്. ആയി ഉയർന്നു. മങ്ങാട് ഗ്രാമവാസികളുടെ സ്വപ്നങ്ങൾ  പൂവണിഞ്ഞു.

ഒരു വിദ്യാലയത്തിലൂടെ ഒരു നാടിന് എങ്ങനെ ഉന്നമനം ലഭ്യമാകും എന്ന് തെളിയിച്ച് കൊണ്ട് അവിശ്രാന്ത പരിശ്രമം ചെയ്ത പൂർവ്വ സൂരികളായ അധ്യാപകർ ഈ സ്കൂളിന്റെ അനുഗ്രഹമായിരുന്നു. അങ്ങനെ 1998 ൽ മങ്ങാടിന്റെ നെറുകയിൽ പൊൻലിപികളാൾ കുറിയ്ക്കപ്പെട്ടു. "മങ്ങാട് ഗവ. ഹയർ സെക്കന്ററി സ്കൂൾ."

ഈ സരസ്വതി ക്ഷേത്രത്തിൽ പടികളിറങ്ങിയ അനേകം വ്യക്തിത്വങ്ങൾ ഇന്നും ലോകത്തിന്റെ തന്നെ അഭിമാനപാത്രങ്ങളാണ്. ഭരണസംവിധാനം , ആരോഗ്യം , വിദ്യാഭ്യാസം ,നിയമം, വ്യവസായം, കല എന്നിങ്ങനെ വിവിധ മേഖലകൾ പരിശോധിച്ചാൽ ഇതിന്റെ മകുടോദാഹരണങ്ങൾ കണ്ടെത്താം.

106 വർഷം പിന്നിട്ട ഈ മുത്തശ്ശിവിദ്യാലയം കേരള സർക്കാറിന്റെ പൊതു വിദ്യാഭാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഹൈടെക്കായി മാറുകയാണ് . വർഷം മ ുഴുവനും ഏറെ മധുരവും ഒപ്പം കൈപ്പും പുളിപ്പും ചേർന്ന നെല്ലിക്കയിലൂടെ ജീവിത സന്ദേശങ്ങൾ നൽകുന്ന നെല്ലിമുത്തശ്ശി ഈ സ്കൂളിൽ മാത്രം അവകാശപ്പെടാവുന്ന പ്രപഞ്ച നന്മയാണ് . അങ്ങനെ എല്ലാവിധത്തിലും കേരള ചരിത്രത്തിൽ ഒരു പക്ഷേ , നാളെ സുവർണ്ണ ലിപികളാൽ നമുക്ക് പ്രതീക്ഷിക്കാം .ഗവ. ഹയർ സെക്കന്ററിസ്കൂൾ – മങ്ങാട്  ഞങ്ങളുടെ പുതിയ ഹൈടെക്ക് കെട്ടിടത്തിന്റെ ഉദ്ഘാടനം 2019  നവംബർ  11 തിങ്കൾ വൈകിട്ട്  6:30 ന് ബഹു കേരള വിദ്യാഭ്യാസമന്ത്രി  പ്രൊഫ.ശ്രീ സി  രവീന്ദ്രനാഥ്  നിർവ്വഹിച്ചു




മങ്ങാടിന്റെ മൺതരികൾക്കുപോലും നിങ്ങളോട് ഒരുപാട് കഥകൾ പറയാനുണ്ടാകും . ഞങ്ങളുടെ എല്ലാവിധ ഉയർച്ചക്കും കാരണക്കാരായ പൂർവ്വ അധ്യാപകരെയും സുമനസ്സുകളെയും സ്മരിക്കുന്നു

കോമളവല്ലി എസ്

എച്ച്.എസ്.റ്റി.

# ഗാന്ധിജി



"ഞങ്ങളുടെ 5,500 പട്ടാളക്കാർക്ക്
നേടാൻ കഴിയാതത്ത് ഗാന്ധിജി
ഒറ്റയ്ക്ക് നേടിയിരുന്നു".

മൗണ്ട് ബാറ്റൺ പ്രഭു

"അദ്ദേഹം ജീവിക്കുന്നത് വ്യക്തിഗതമായ
ബോധമനസിന്റെ ഇടുങ്ങിയ വേലിക്കെട്ടിനകത്തല്ല.
മറിച്ച്,ഇപ്പോഴുള്ളതും ഇനി പിറക്കാനിരിക്കുന്നതുമായ
ജനകോടികളുടെ ഹൃദയത്തിലാണ്.
ഇന്ത്യ ഒരുപിടി മണ്ണ് അല്ലെന്ന യാഥാർഥ്യബോധത്തിലേക്ക്
അദ്ദേഹം നമ്മെ ഉണർത്തിയിരിക്കുകയാണ്."

രവീന്ദ്രനാഥ് ടാഗോർ

"ചതിയിലൂടെയും തന്ത്രങ്ങളിലൂടെയും അല്ലാതെ
ഉണർന്ന ആത്മീയജീവിതത്തിലൂടെ അന്യായികളെ
സൃഷ്ടിക്കാമെന്നതിന്റെ ഉദാഹരമാണ് ഗാന്ധിജി."

ആൽബർട്ട് ഐൻസ്റ്റൺ

"അശക്തമായ ഒരു രാഷ്ട്രത്തിൽ
ഗാന്ധിജി ശക്തിയുടെ പ്രതീകമായി.
അടിമകളോടുള്ള സ്നേഹം,അവരുടേതായ ഒരു
രാഷ്ട്രത്തിൽ അദ്ദേഹം സ്വതന്ത്രനായി വർത്തിച്ചു.
ഒടുവിൽ അദ്ദേഹം ദൈവത്തിന്റെ മനുഷ്യനായി.

ലൂയി ഫിഷർ(ഫ്രഞ്ച് ചിത്രകാരൻ)



താജി നിസാർ
7 എ

# എൻ കെടാവിളക്ക്



സ്നേഹ വാത്സല്യങ്ങളിൽ ഏറ്റവും ശ്രേഷ്ഠം,
എൻ അമ്മതൻ വാത്സല്യമെന്ന് നിസ്സംശയം.
അമ്മതൻ സ്നേഹത്തിന് എത്ര
മാധുര്യമെന്ന് ചോദിക്കിൻ,
അമ്മിഞ്ഞപ്പാലോളം എന്നതിൽ
കൂടുതൽ എന്തുണ്ട് വേറെ ?
അമ്മതൻ ചുടുചുംബന മേൽക്കുന്നതേപുണ്യം !
അമ്മതൻ ചൂടേറ്റുറങ്ങുന്നതും,
ആ മുഖം കണികണ്ടുണരുന്നതും,
അമ്മതൻ കൈപ്പിടിച്ചു പിച്ചവെച്ചതും,
ഞാൻ വീഴവേ എന്നെ വാരി പുണരും നിമിഷം
കണ്ടു ഞാൻ അമ്മതൻ സ്നേഹാർദ്രമാം മനസ്സ് !

അമ്മതൻ സ്നേഹം നിറച്ചു വായിൽ മെല്ലെ
വച്ചുതന്നോരാ ചോറുരുളകളും ,
കളിക്കൂട്ടുകാരുമായി പിണങ്ങിക്കരഞ്ഞു
കൊണ്ടരികത്തണഞ്ഞപ്പോൾ

**മാറോട് ചേർത്ത് പുണർന്നമ്മ**
**ആ പുണരലിൽ എന്റെ സർവ ദുഃഖങ്ങളും**
**അലിഞ്ഞില്ലാതെ പോയി**
**ആ ചുടുതാളം പിടിക്കും ഹൃത്തിൽ**
**കിടന്നു മയങ്ങുമ്പോൾ ഭയമില്ലെനിക്കൊന്നിനേയും**
**പനിനീർ പൂവിതൾ പോലെ**
**മാർദ്ദവമാർന്നോരു മനസ്സുമായി എല്ലാമൊരു**

**ചെറുചിരിയിലൊളിപ്പിച്ച് എന്നമ്മ**
**അമ്മയാണെന്നിലെ കെടാവിളക്ക്**

**സ്നേഹ.വി.സു**



**ദർശൻ**

**9 എ**

# ചിത്രശലഭവും മാളുവും



സുന്ദരമായ ഒരു ഗ്രാമത്തിലാണ് മാളുവിന്റെ വീട്. പൂക്കളും പുഴകളും കിളികളുമെല്ലാം നിറഞ്ഞ സുന്ദരമായ ഒരു ഗ്രാമം. മാളുവിന്റെ വീട്ടുമുറ്റത്ത് അതിമനോഹരമായ ഒരു പൂന്തോട്ടമുണ്ട്. എല്ലാ ദിവസവും മാളു തന്റെ പൂന്തോട്ടത്തിൽ ചെടികളെയും പൂക്കളെയും പരിപാലിക്കാറുണ്ട്. ഒരു ദിവസം മാളു പൂന്തോട്ടത്തിൽ നിൽക്കവേ അവിടേക്ക് അതിമനോഹരമായ ഒരു ചിത്രശലഭം പറന്നുവന്നു. നൃത്തം ചെയ്തുകൊണ്ട് പൂക്കളെ മുത്തം വയ്ക്കുന്ന പൂമ്പാറ്റയെ മാളു കണ്ടു. അപ്പോൾ മാളു പ ൂമ്പാറ്റയോട് ചോദിച്ചു,"അല്ലയോ ശലഭമേ നീ എന്താണ് പൂക്കളിൽ വന്നിരിക്കന്നത്. പൂമ്പാറ്റ പറഞ്ഞു ,"ഞാൻ പൂക്കളിലെ തേനുണ്ണനാണ് വന്നത്."എനിക്കും നിന്നെപ്പോലെ വർണ്ണച്ചിറകും ശരീരം നിറയെ പുള്ളികളും ഉള്ള മനോഹരമായ പൂമ്പാറ്റയാകുവാൻ കഴിയുമോ?"മാളു ചോദിച്ചു. പൂമ്പാറ്റ ചിരിച്ചു."അതിനെന്താ? കുട്ടി വെറുതെ എന്റെ ചിറകിൽ സ്പർശിച്ചോളൂ."മാത്രയിൽ തന്നെ മാളു ഒരു ബഹുവർണ്ണശലഭമായി മാറി. അവൾ ആ പൂന്തോട്ടത്തിലാകെ ശലഭത്തോടൊപ്പം പാറിപ്പറന്നു നടന്നു.



"മാളു എഴുന്നേൽക്ക് ഇന്ന് സ്ക്കൂളിൽ പോകണ്ടേ" കണ്ണ ു തിരുമ്മി എഴുന്നേൽക്കുമ്പോൾ അമ്മ മുന്നിൽ നിൽക്കുന്ന ു.അപ്പോഴാണ് താൻ കണ്ടത് സ്വപ്നമാണെന്ന് അവൾക്ക് മനസ്സിലായത്.

അർപ്പിത ബാലു

7 എ

# എന്റെ ചിത്രം





ഭാവനാദാസ്

8 എ

# മാപ്പ്



ചെമ്പട്ടുടുത്ത പടിഞ്ഞാറേ മാനത്തേയ്ക്ക് നോക്കിയിരിക്കേ ഇരുൾ പരന്നു.റെയിൽവേ പാളത്തിലൂടെ ട്രെയിൻ പാഞ്ഞുപോകുന്നതിന്റെ ശബ്ദം വിദൂരതയിൽ നിന്ന്കേൾക്കാം.പെട്ടെന്ന് വീശിയ തണുത്ത കാറ്റിൽ ആ ശബ്ദം അലിഞ്ഞലിഞ്ഞില്ലാതായി.പേരറിയാത്ത ഏതോ പക്ഷിയുടെ പാട്ട് ശോകമൂകമായി മനസ്സിനെ തൊട്ടുണർത്തി . തലേ രാത്രിയിലെ സംഭവം സത്യമോ മിഥ്യയോ എന്ന് തിരിച്ചറിയാനാവാത്ത വിധം മനസ്സ് കലുഷിതമായിരുന്നു. നക്ഷത്രങ്ങൾ നിറഞ്ഞ് തെളിഞ്ഞ ആകാശകാഴ്ചയ്ക്കിടയിൽ ഒരു കുഞ്ഞ് നക്ഷത്രം താഴേക്ക് നോക്കി കണ്ണിറുക്കി . കൗതുകത്തോടെ നോക്കി നിൽക്കേ ആ നക്ഷത്രത്തിൽ ഒരു കുഞ്ഞ്മുഖം തെളിഞ്ഞു.കണ്ണീർ തുളുമ്പുന്ന കണ്ണുകളിൽ നിരാശ തളം കെട്ടി നിന്നു .കവിളുകളിലൂടെ ഒഴുകിയ കണ്ണീർചാലുകൾ അടയാളപ്പെട്ട് കിടന്നു. മുഖമാകെ മുറിപ്പാടുകൾ നോവിന്റെ ഒരു ചിരി ആ മുഖത്ത് പടർന്നു.ഒരുനിമിഷം ഞെട്ടിത്തരിച്ച് നിന്നുപോയി.കഠ്വയിലെ പെൺകുട്ടി ഒരു കൂട്ടം നരാധമൻമാർ ദിവസങ്ങളോളം പിച്ചിചീന്തി മരണത്തിലേക്ക് വലിച്ചെറിഞ്ഞ നിഷ്ക്കളങ്ക ബാല്യം.പ്രിയപ്പെട്ട കുഞ്ഞേ മാപ്പ്,മാപ്പ്,മാപ്പ്......



വിജയമ്മ ജെ

എച്ച്.എസ്.റ്റി

# എന്റെ ലോകം



എന്റെ ലോകം എന്റെ വിദ്യാലയമാണ്.സന്തോഷങ്ങളും ദുഃഖങ്ങളുമെല്ലാം പങ്കുവയ്ക്കാനും വിദ്യപറഞ്ഞുതന്ന് എന്നെയും എന്റെ സുഹൃത്തുക്കളേയും വാനോളം ഉയർത്തുവാനും സഹായിക്കുന്ന എന്റെ വിദ്യാലയം. എന്റേതു മാത്രമായ ലോകം.ജീവിതപാതയിലെ നല്ല നിമിഷങ്ങൾ വിദ്യാലയത്തിൽ കഴിച്ചുക്കൂട്ടുമ്പോൾ എന്തെന്നില്ലാത്ത ഒരു സുഖം എന്റെ മനസ്സിൽ കടന്നുകൂടുന്നു.ഏത് മതത്തിൽ നിന്നോ എവിടെ നിന്നോ വന്ന കുട്ടികൾ ദാ ഇപ്പോൾ എന്റെ ആത്മാർത്ഥ സുഹൃത്തുക്കളായി മാറിയിരിക്കുന്നു.രണ്ട് വർഷം കഴിഞ്ഞ് പിരിയുന്നതിന്റെ വേദനയോർത്ത് കൈകൾ കൂട്ടിപ്പിടിച്ച് ഇപ്പോഴും ഞങ്ങൾ വിദ്യാലയ മുറ്റത്തിലൂടെ നടന്നുപോകുന്നു.ഈ സന്ദർഭം ഓർക്കുമ്പോൾ അടുത്ത ജന്മത്തിലും ഈ വിദ്യാലയത്തിൽ തന്നെ പഠിക്കാൻ കഴിയണമേ എന്ന് ഇപ്പോൾ ഞാൻ ഓർക്കുന്നു. ഓർമ്മകളെല്ലാം ഒരു പുസ്തകത്തിൽ എന്ന പോലെ സൂക്ഷിച്ചാലും നേരിട്ടുള്ള അനുഭവം അതൊന്ന് വേറെതന്നെയാണ്.ഞങ്ങൾക്ക് വേണ്ടുന്ന പരിചരണവും സ്നേഹവും തന്ന് ഞങ്ങളെ ഉപദേശിക്കുകയും നല്ല വഴിയിൽ നടക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന ഓരോ ടീച്ചർമാർ തന്നെ ഇനിയും എന്റെ അധ്യാപകരായി വരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.എന്റെ ലോകം എനിക്ക് തുറന്ന് തന്നത് ഒട്ടേറെ സുഹൃത് ബന്ധങ്ങളാണ്.ഒരു ക്ലാസ്മുറിയിലെ കുട്ടികളെല്ലാം ഒരു പൂന്തോട്ടത്തിലെ പൂക്കൾ

പോലെയാണ് .രണ്ടുവർഷം കൂടിക്കഴിഞ്ഞാൽ എന്റെ പ്രിയ സുഹൃത്തുക്കളെ വിട്ടു പിരിയണം. ദൈവത്തിന്റെ വിധിപോലെയാണ് എല്ലാം ഈ ഭൂമിയിൽ നടക്കുന്നത്. ഏറ്റവും പേടിയുള്ള പരീക്ഷകളെ പോലും വെറും നിസ്സാരമാക്കി ഞങ്ങളുടെ അധ്യാപികമാർ ഞങ്ങൾക്ക് മാറ്റി തന്നു.അതിന് ഈ അവസരത്തിൽ ഞാൻ എന്റെ എല്ലാ അധ്യാപികമാരോടും നന്ദി പറയുന്നു.ഇനിയും എനിക്ക് ഈ  വിദ്യാലയം തന്നെ എന്റെ ലോകം ആകണമേയെന്ന് ഹൃദയമുരുകി പ്രാർത്ഥിക്കുന്നു.വേറെയും ഒട്ടേറെ കാര്യങ്ങൾ എനിക്ക് എഴുതണമെന്നുണ്ട്. എന്നാൽ ഇനിയും ഓർമ്മകളിലേക്ക് കടന്നുപോയാൽ ഈ കടലാസിൽ എന്റെ കണ്ണീർ നനവുകൾ പടർന്നിരിക്കും.



രഹ്ന എസ്

8 സി

# എന്റെ ചിത്രം






സജ്ന സജീർ

7 എ

# ജീവൻ



എന്നുമെൻ തപ്തശ്വാസത്തിൽ

നെടുവീർപ്പായി എന്നിലലിഞ്ഞു നീ......

എന്നുമെൻ കാഞ്ചന സ്വപ്നത്തിൽ

വിളക്കായി തെളിഞ്ഞു നീ......

എന്നിലെ പാരിജാത പൂമിഴിയിൽ

ചുടു കണ്ണീരായി ഒഴുകി നീ.....

എത്ര ധ്രുതിയിൽ ഒഴുകിയാലും

എന്നിലെ ഞാൻ എത്ര ദൂരം.

ഒരു കൊച്ചു കാറ്റായി നീയടിച്ചാൽ
എന്നിലെ മാനസം ചാഞ്ചാടും

ഒരു കൊച്ചു വാക്കായി നീ വന്നാൽ
എന്നിലെ തീർത്ഥം തുളുമ്പി പോകും

ഒരു കൊച്ചു സ്പർശമായി നീ വന്നാൽ
എന്നിലെ ഗ്രീഷ്മത്തിൽ മലർ വിരിയും

ഒരു കൊച്ചു സാന്ത്വനമായി നീ വന്നാൽ
എന്നിലെ ദീപത്തിൻ പ്രഭ ചൊരിയും

എന്നുമെൻ ജീവനിൽ ജീവനായ്
നിന്നീടുമീ മലർ തൻ ഗന്ധം

എന്നന്തരാത്മാവിൽ നിറയട്ടെ
എന്നുമെൻ ജീവനിൽ ജീവനായ്

മുരളുമീ ഭ്രമത്തിൽ മൂളൽ
എന്നന്തരാത്മാവിൽ പ്രതിധ്വനിക്കട്ടെ

എന്നുമെൻ ജീവനിൽ ജീവനായ്
എത്തുമെൻ പക്ഷിതൻ കാകളും

എന്നന്തരാത്മാവിൻ നിലയ്ക്കാത്ത
രവമായ്..........രവമായ്..............



മിനി എസ്
എച്ച്.എസ്.റ്റി.

## സാഗരം സാക്ഷി



സൂര്യന്റെ തീക്ഷ്ണമായ രശ്മികൾ തട്ടി ജൊയാൻ എഴുന്നേറ്റു.അവൻ ചുറ്റും നോക്കി.കടൽത്തിരമാലകൾ ആർത്തിരമ്പി കരയിലേക്ക് അടിക്കുന്നു.ആകാശത്ത് പരുന്തുകൾ പറക്കുന്നു.ചരക്കു കപ്പലുകളുമായിമലബാറിലേക്ക് പോവുകയായിരുന്നു ജൊയാൻ. അതിനിടയിൽ ഉണ്ടായ തീവ്രമായ കൊടുംകാറ്റും മഴയുംകാരണം അവന്റെ കപ്പൽ മുങ്ങി.കപ്പലിൽ ഉണ്ടായിരുന്ന മറ്റ് അനുയായികളെ ചുറ്റും കാണാനില്ല.അവർ രക്ഷപ്പെട്ടോ അതോ........ജൊയാന്റെ മനസ്സ് വേദനിച്ചു.കപ്പലിലെ കുറച്ച് ചരക്കുകൾ തീരത്ത് കിടക്കുന്നു.അതിനോടോപ്പം ജൊയാന്റെ സഞ്ചി ഉണ്ടായിരുന്നു.സൂര്യന്റെ ചൂട് അതിഭയങ്കരമായിര ുന്നു. അവൻ സഞ്ചി തുറന്ന് വെള്ളം കുടിച്ചു.അതിൽ ഒരു വാച്ചും രണ്ട് വെള്ളം നിറച്ചിരിക്കുന്ന കുപ്പിയും,ചരക്കിന്റെ കുറെ പേപ്പറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.കുറെ കൂടി തിരഞ്ഞപ്പോൾ അവന് ഒരു പേനയും കൂടി കിട്ടി.

സഞ്ചിയും തൂക്കി അവൻ നടക്കാൻ തുടങ്ങി.പിന്നിൽ കൊടുംകാറ്റ്.

നല്ല വിശപ്പ് കാരണം കാട്ടിലേക്ക് ഭക്ഷണം അന്വേഷിച്ച് നടന്നു.ധാരാളം പഴങ്ങൾ.പക്ഷെ അവയൊക്കെ വിഷം കലർന്നതാണെന്ന് ജൊയാന് അറിയാമായിരുന്നു.അവൻ പിന്നെയും നടന്നു.നടന്ന് നടന്ന് ഉൾക്കാട്ടിലെത്തി.സൂര്യനെ കാണാൻ കൂടി പറ്റുന്നില്ല.പടർന്ന് പന്തലിച്ച് നിൽക്കുന്ന മരങ്ങളും മറ്റ് ജീവികളും.ജൊയാന് ആകെ ഭയമായി.കുറച്ച് കൂടി നടന്നപ്പോൾ അവൻ ഒരു പ്രകാശം കണ്ടു.നേർത്ത സ്വർണ്ണം പോലത്തെ പ്രകാശം അവൻ നടക്കും തോറും കൂടിക്കൂടി വന്നു.ഒടുവിൽ അവൻ ഒരു ഗുഹയ്ക്ക് മുന്നിൽ എത്തി.അതിനകത്ത് നിന്നാണ് ഇത്രയും ദൂരം പ്രകാശം വന്നത്.അവൻ നല്ലത് പോലെ തളർന്നിരുന്നു.ഒപ്പം വിശക്കുന്നുമുണ്ടായിരുന്നു.അവൻ സഞ്ചിയിൽ നിന്ന് വെള്ളം കുടിച്ചു.ജൊയാൻ വെളിച്ചത്തിന്റെ രഹസ്യംഅറിയാൻ ഗുഹയ്ക്ക് അകത്തേക്ക് കയറി.

അതിനകത്ത് ഒരു കിരീടം ഇരിക്കുന്നു.കിരീടത്തിന്റെ നടുവിലായി രണ്ട് രത്നങ്ങൾ പതിപ്പിച്ചിരിക്കുന്നു.അതിൽ ഒരു രത്നത്തിൽ നിന്നാണ് വെളിച്ചം പുറത്തേക്ക് വരുന്നത്.ജൊയാൻ മുമ്പോട്ട് നടക്കാൻ പോയതും ഭീകരമായഒരു സർപ്പം അവന്റെ

മുന്നിൽ പ്രത്യക്ഷപ്പെട്ടു.അവൻ ഭയന്നു.ഭയാനകമായ ആ സർപ്പത്തെ കണ്ട് ജൊയാൻ തിരിഞ്ഞ് ഓടാൻ ശ്രമിച്ചതും സർപ്പം സംസാരിക്കാൻ തുടങ്ങി."എന്റെ പേര് വിദുരൻ.ഞാൻ ഈ കിരീടത്തിന്റെ കാവൽക്കാരനാണ്.രണ്ടായിരം വർഷം പഴക്കമുള്ള ഈ കിരിടം സ്വന്തമാക്കാൻ പലരും ഇവിടെ വന്നിട്ടുണ്ട്.പക്ഷെ സാധിച്ചില്ല.അവരൊക്കെ തിരകളിൽ പെട്ട് മരിക്കുകയോ അല്ലെങ്കിൽ..........."

ജൊയാന് ഒന്നും മനസ്സിലാകാതെ മിഴിച്ച് നിന്നു.അവൻ വിശപ്പ് സഹിക്കാനാകാതെ ഭക്ഷണം തേടിയിറങ്ങിയതാണ്.ചിലപ്പോൾ ഈ കിരീടം വല്ല മാന്ത്രിക ശക്തിയുള്ളതായിരിക്കാം.അത് സ്വർണ്ണം ആയതിനാൽ നല്ല വില കിട്ടും.എനിക്ക് തിരിച്ച് നാട്ടിലേക്ക് പോകാം.ജൊയാൻ ചിന്തിച്ചു.

"എന്തിനാണ് ഈ കിരീടം തേടി ചെറുപ്പക്കാർ ജീവൻ പണയം വച്ച് ഇവിടേക്ക് വരുന്നത്.അഥവാ ഇത് സ്വന്തമാക്കാൻ എന്താണ് പാട് ?"

"ഹ..ഹ..ഹ...ഇത് മാന്ത്രിക ശക്തിയുള്ള കിരീടം ആണ്.ഇതിനകത്ത് പതിപ്പിച്ചിരിക്കുന്ന ഏതെങ്കിലും ഒര് കല്ല് സ്വന്തമാക്കിയാൽ ജീവിതത്തിൽ എന്ത് ആഗ്രഹിച്ചാലും ഒരു തവണ അത് സാധിച്ച് തരും.പക്ഷെ ആ കല്ല് സ്വന്തമായി ഈ രണ്ടെണ്ണത്തിൽ നിന്ന് തെരഞ്ഞെടുക്കുന്നത് പാടാണ്.കാരണം തെറ്റായ രത്നത്തിൽ തൊട്ടാൽ തൊടുന്ന ആളുടെ ശരിരം കടലിൽ താഴും.പിന്നെ തിരിച്ചുവരികയില്ല"

ജൊയാൻ ആലോചിച്ചു.തിളങ്ങുന്ന രത്നം കണ്ടാൽ ശരിക്കും അമൂല്യമുള്ളതുതന്നെ.പക്ഷെ മറ്റേ രത്നം ക്ലാവ് പിടിച്ച് കറുത്ത് ഇരിക്കുകയായിരുന്നു.തിരിച്ച് പോകണം എന്ന പ്രതിക്ഷയിൽ ജൊയാൻ ക്ലാവ് പിടിച്ച രത്നം എടുത്തു.പെട്ടെന്ന് ക്ലാവ് മാറി ചുവന്ന പ്രകാശം ഉയർന്ന് വന്നു.ശരിയായ രത്നം തിരഞ്ഞെടുത്ത ജൊയാൻ തിരിച്ച് നാട്ടിലേക്ക് പോകണമെന്ന ഒറ്റ ആഗ്രഹമേ ചോദിച്ചുള്ളൂ.അത് സാധിക്കുകയും ചെയ്തു.

അന്നപൂർണ്ണേശ്വരി എ
10 എ



# എൻ കൺമണിക്ക്.......



ആതിരതാരമേ ..... ആദ്യാനുരാഗമേ
ആത്മ സുഗന്ധമേ എൻ പ്രിയസ്വപ്നമേ
ഓമലെ വിങ്ങലായ് ഓർത്തു ഞാനെന്നുമെൻ
ഓർമ്മകൾ വിങ്ങുന്ന രാത്രികളിൽ....

ആയിരം കാതം നടന്നു തീർന്നെങ്കിലും
ആരുമില്ലാതെ ഞാനിന്നു മണ്ണിൽ
താമസിച്ചീടുന്നു നിന്നെയോർ-
ത്തായിരംജന്മങ്ങളിനിയും.

ഓർക്കുവാനധികമായ് നൽകിയില്ലെങ്കിലും
നിന്നോർമ്മമാത്രം എനിക്ക് സ്വന്തം
നിൻമിഴി കോണിലെ തുള്ളി പോലും
എനിക്കൊരുപാടു ചിന്തകൾ ഏകിടുന്നു

എൻപ്രിയ സ്വപ്നമേ എന്നഭിലാഷമേ
ഏകു നീ ഇനിയെനിക്കല്പമിഷ്ടം
ആരുമില്ലാത്തൊരീ പാഴ് മുളംതണ്ടിനെ
ഒന്നു നീ ചുണ്ടോടമർത്തിയെങ്കിൽ

കാലമെനിക്കായ് കരുതിവച്ചീടുന്നു
ഏകാന്തതയ്ക്ക് വിരാമമിടാൻ
എൻ കൂടെ വന്നെങ്കിൽ എന്നെ പുണർന്നെങ്കിൽ
എന്റെയീ ജീവിതം പൂർണ്ണമാകും



അഫ്നാൻ എം ഷെഫീഖ്
9 എ

# അന്നും ഇന്നും [അധ്യാപകപക്ഷം]



**അന്ന്**

തലയെണ്ണും നാളിൽ തല കുനിയ്ക്കേണ്ട -

നാളുകളേ വിട

തലയെണ്ണം നാളിൽ നടുകുനിയ്ക്കേണ്ട -

നാടുകളെ വിട

തലയെണ്ണം നാളിൽ ആശങ്കാഭരിതം

നാളുകളെ വിട

തലയെണ്ണം നാളിൽ പരിഹാസ്യവാർത്താഭരിതം

നാളുകളെ വിട

**ഇന്ന്**

ഇനി വരാം തലയെടുപ്പോടെ സ്കൂളിൽ
ഇനി വരാം നടുകുനിയാതെ സ്കൂളിൽ
ഇനി വരാം ആനന്ദ തുന്ദില ഹൃദ്യംസ്കൂളിൽ
ഇനി വരാം പരിഹാസലേശമന്യേ സ്കൂളിൽ

പൊതുവിദ്യാഭ്യാസ സംരക്ഷണ -
യജ്ഞമേ നന്ദി ! നന്ദി ! നന്ദി !



സജീന ഇ
യു.പി.എസ്.റ്റി.

# എന്റെ ചിത്രം







സജ്ന സജീർ

7 എ

# ഡിജിറ്റൽ ഇന്ത്യ

സ്വാതന്ത്ര്യം കിട്ടിയതിനുശേഷം വികസനകാര്യത്തിൽ ഇന്ത്യ വളരെ പിന്നോക്കമായിരുന്നു.എന്നാൽ ഇന്നു നോക്കിയാൽ എങ്ങും കംപ്യൂട്ടർ ഉപകരണങ്ങൾ,സ്മാർട്ട്ഫോണുകൾ എന്നിങ്ങനെ പലതും കാണാൻ കഴിയും.ഇന്ന്നമ്മുടെ രാജ്യത്ത് ഐ.ടി മേഖല വളരെയേറെ പ്രാവീണ്യം തെളിയിച്ചിട്ടുണ്ട്.ദാരിദ്രത്തിന്റെ പടുകുഴിയായിരുന്ന ഇന്ത്യ ഇപ്പോൾ ഡിജിറ്റൽ ഇന്ത്യ-യായി മാറി.ഐ.ടി മേഖലയിൽ തന്നെയുള്ള ഒരു മി ഴിവേറിയ കണ്ണിയാണ് ലിറ്റിൽ കൈറ്റ്സ്.ഇപ്പോൾ പല സ്കൂളിലും ഈ ക്ലബ് പ്രവർത്തിക്കുന്നുണ്ട്.ഈ കുട്ടികൾ കംപ്യൂട്ടറിനെ തൊട്ടറിയുന്നു.പല അന്യദേശക്കാരും പഠനരീതികൾ മനസ്സിലാക്കുന്നതിനായി കേരളത്തിലേയ്ക്ക് വരികയാണ്.എന്നുപറഞ്ഞാൽ ഐ.ടിരംഗങ്ങളിൽ കേരളം വളരെയേറെ മുൻപന്തിയിലായിരിക്കുകയാണ്.ഇനിയും പല സാങ്കേതികവിദ്യകളും ഞങ്ങൾ ഇന്ത്യൻ പൗരർ ഐ.ടി യിൽ നിന്നു പ്രതീക്ഷിക്കുന്നു.



ആദിത്യ എസ്

9 എ

## വിദ്യാലയം




അറിവിന്റെ  അമൃതിനെ തേടി നാം

എത്തിയൊരു, വിദ്യാലയമുറ്റം

അറിവിന്റെ കനികൾ നമുക്ക് നൽകി

നമ്മുടെ പ്രിയരാം ഗുരുക്കൾ.

കണ്ടു നാം അവിടെ സൗഹൃദങ്ങൾ

വലിയവനിളയവൻ എന്നുള്ള ഭേദമില്ല

എല്ലാം നമ്മുടെ സതീർത്ഥ്യർ.

ഒരുമിച്ചൊരു ചോറ്റുപാത്രത്തിൽ നിന്നു

**മാതൃ സ്നേഹത്തിൻ മുത്തുകൾ നുകർന്നു നാം**

**ഇവിടെ നാം പങ്കുവച്ചൊരുമതം**

**സൗഹൃദം സ്നേഹാമൃതം.**

**അറിവിന്റെ തിരികൾ നാം കൈയിലേന്തി**

**അണയാതെ ഗുരുക്കന്മാർ തുണയുമേകി.**

**ലക്ഷ്മി .ബി.കെ**

**9 എ**



# പൂക്കൾ



മഞ്ഞിൻ കണങ്ങൾ പൊതിഞ്ഞ് നിൽക്കുമീ
സുന്ദരവർണ്ണത്തിലുള്ളൊരീ പൂക്കളേ
വണ്ടുകൾ മൂളിപ്പറക്കുന്നുവല്ലോ നിങ്ങൾക്ക്
ചുറ്റുമായ് നിൽക്കുന്നുവല്ലോ.

തേൻനുകർന്നുകൊണ്ട് ആനന്ദരാഗം പാടി
ദൂരേയ്ക്ക് മാഞ്ഞുപോയ് വണ്ടുകളെല്ലാം
നിന്നെ തനിച്ചാക്കി

പുലരിവെളിച്ചത്തിൽ ശോഭിച്ചൊരീ പൂക്കൾ
സന്ധ്യമയങ്ങുമ്പോൾ താഴേക്ക് വീഴുന്നു
നിന്റെ ജീവിതത്തിന്റെ ഈ കുഞ്ഞുവേളയിൽ
തളരാതെ ശോഭിച്ചു നിൽക്കുന്നുവല്ലോ നീ !



സരിഗ എസ്
10 എ

# വിശപ്പ്



ഒരു മരത്തിന്റെ അടുത്ത് പാവപ്പെട്ട ഒരു മനുഷ്യൻ കിടന്നുറങ്ങുന്നു. പെട്ടന്ന് ഒരു ശബ്ദം കേട്ട് അയാൾ ഞെട്ടിയുണർന്നു. എന്താണ്? എന്താണത്. അയാൾ ചുറ്റുപാടും നോക്കി. എന്നിട്ടും ഒന്നും കണ്ടില്ല. ഒരുകാലത്ത് നാടിന്റെ നേതാവ് എന്നരീതിയിലാണ് അയാൾ ആ നാട് ഭരിച്ചിരുന്നത്. ഓർത്തപ്പോൾ അയാൾക്ക് ദുഃഖം തോന്നി. പണ്ട് അയാളെ എത്ര ജനങ്ങളാണ് ഭയന്നു നടന്നിരുന്നത്. ഇപ്പോൾ അയാളെ എല്ലാവരും ആ നാട്ടിൽ നിന്ന് പുറത്താക്കാൻ നോക്കി,എന്നിട്ടും സാധിച്ചില്ല. ആ മനുഷ്യന്റെ പേര് പോലും ആരും ഓർക്കുന്നില്ല.

ഒരു ദിവസം ആ മനുഷ്യൻ വിശന്നു കുഴഞ്ഞ് ഒരു പൂട്ടിയിട്ടിരിക്കുന്ന കടയുടെ തിണ്ണയിൽ കിടക്കുകയായിരുന്നു. അപ്പോൾ കുറച്ചു കുട്ടികൾ അയാളുടെ തൊട്ടടുത്തു നിന്നു കൂവി കളിയാക്കുന്നുണ്ടായിരുന്നു.സ്കൂളിൽ പോകുകയായിരുന്ന മീനു ഈ മനുഷ്യനെ കണ്ടു.മീനുവിന് ദയ തോന്നി.ചോറ്റ്പാത്രം ബാഗിൽ നിന്ന് എടുത്ത് അയാളുടെ കയ്യിൽ വച്ചു കൊടുത്തിട്ടു പറഞ്ഞു,"കഴിച്ചോളൂ."അവൾ അയാൾ കഴിക്കുന്നത് നോക്കി നിന്നു. ആർത്തിയോടെ അയാൾ കഴിക്കാൻ തുടങ്ങി.എരിവുള്ള മുളക് ചമ്മന്തിയും നല്ല മാങ്ങാ അച്ചാറും കൂട്ടി അയാൾ ചോറു കഴിച്ചു.പകുതിയായപ്പോൾ അയാളുടെ കണ്ണുകളിൽ നിന്ന് തുള്ളിതുള്ളിയായി കണ്ണുനീരൊലിച്ചു. എന്നിട്ടും ആ കുട്ടികൾ അയാളെ കൂവിക്കൊണ്ടിരുന്നു.നന്ദിയോടെ അയാൾ അവളുടെ കണ്ണുകളിലേയ്ക്ക് നോക്കി.

അവൾ സ്കൂളിൽ എത്തിയപ്പോൾ ടീച്ചർ ചോദിച്ചു,"മീനു എന്താണ്

താമസിച്ചത്.”അവൾ ടീച്ചറിനോടു പറഞ്ഞു."അവിടെ നടുറോഡിൽ കിടന്ന ഒരു മനുഷ്യന് ഞാൻ കുറച്ചു ചോറ് എന്റെ പാത്രത്തിൽ നിന്ന് എടുത്തു കൊടുത്തു. അയാൾ കഴിച്ചു കഴിയുന്നതുവരെ ഞാൻ അയാളെ നോക്കിക്കൊണ്ട് നിന്നു.” ടീച്ചർ അവളോട് ചോദിച്ച ു,"നീ എന്തിനാണ് ആ വൃത്തിയില്ലാത്ത മനുഷ്യനെ രക്ഷിക്കാൻ പോയത്? "അപ്പോൾ മീനു പറഞ്ഞു,"വൃത്തിയില്ലാത്ത ഒരു മനുഷ്യനെയല്ല എല്ലും തോലുമായി കിടക്കുന്ന ദേഹം മുഴുവനും ചുക്കിച്ചുളിങ്ങിയിരിക്കുന്ന ഒരു പാവം മനുഷ്യനെയാണ് ഞാൻ സഹായിച്ചത്.”

ടീച്ചർ ചോദിച്ചു,"സ്കൂളിൽ സമയത്ത് വരാതെ വല്ലവരെയും സഹായിച്ചിരിക്കുന്നു. നീ ഇന്നു ക്ലാസ്സിൽ കയറണ്ട.”മീനു പറഞ്ഞു"അപ്പോൾ ടീച്ചറിന്റെ അച്ഛനോ അമ്മയോ വയ്യാതെ കിടന്നാൽ ടീച്ചർ ഇങ്ങനെ ചെയ്യുമോ?അതോ ഞാൻ പറഞ്ഞതുപോലെ ഞാൻ ചെയ്തുപോലെ ടീച്ചർ ചെയ്യുമോ?“ടീച്ചർ പറഞ്ഞു,"ഒരിക്കലുമില്ല നീ ചെയ്തതാണ് ശരി. നീ ദയ ഉളള ഒരു കുട്ടിയാണ്.”അപ്പോൾ ടീച്ചർ കുട്ടിയെ ക്ലാസ്സിൽ കയറ്റി എല്ലാ കു ട്ടികളോടും പറഞ്ഞു,"മീനുവിനെപ്പോലെ എല്ലാവരും നല്ല കുട്ടികളായി വളരണം. കു ട്ടികൾ മീനുവിനെ കൈയ്യടിച്ച് പ്രോൽസാഹിപ്പിച്ചു. അങ്ങനെ എല്ലാവരും അവളെ പോലെ ആകാൻ ശ്രമിച്ചു.



അൻസിയ എ
5 എ

# അച്ഛൻ



പലപ്പോഴും കണ്ടിട്ടുണ്ട് ഞാൻ
കരയാതെ കരയുന്നയെന്നച്ഛനെ...

പലപ്പോഴും കേട്ടിട്ടുണ്ട് ഞാൻ
ഗദ്ഗദം നിറഞ്ഞ എൻ അച്ഛന്റെ  വാക്കുകൾ

പലപ്പോഴും കണ്ടിട്ടുണ്ടഞാൻ
മക്കൾക്ക് വേണ്ടി ഇഷ്ടങ്ങൾ മറക്കുന്ന അച്ഛനെ...

പലപ്പോഴും കണ്ടിട്ടുണ്ടു ഞാൻ
രാപകലില്ലാതെ പണിയെടുക്കുന്ന അച്ഛനെ...

എന്തു ഞാൻ പകരം നൽകും
എന്നച്ഛനായ തണൽ മരത്തിൻ സ്നേഹത്തിന്...!



താജി നിസാർ
7 എ

# എന്റെ ചിത്രം




സ്നേഹ .വി .എസ്

8 സി




# വിദ്യാലയം പ്രതിഭകൾക്കൊപ്പം (യു.പി വിഭാഗം)




വിദ്യാലയം പ്രതിഭകൾക്കൊപ്പം എന്ന പരിപാടിയുടെ ഭാഗമായി മിനിസ്ക്രീനിലും സിനിമാ മേഖലയിലും താരമായ മങ്ങാട് ശ്യാം എന്നകലാകാരനെ ആദരിച്ചു. ഞങ്ങളുടെ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൂടിയായ അദ്ദേഹത്തെ നവംബർ 14 ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് അദ്ദേഹത്തിന്റെ വസതിയിൽ ചെന്നാണ് ആദരിച്ചത്. യു.പി.വിഭാഗത്തിൽനിന്നും 12 കുട്ടികളും യു.പി.അധ്യാപകരും അടങ്ങുന്ന ടീമാണ് ഗൃഹസന്ദർശനത്തിലും ആദരിക്കൽ ചടങ്ങിലും പങ്കെടുത്തത്.കുട്ടികൾ അദ്ദേഹത്തിന് പുഷ്പങ്ങൾ സമ്മാനിച്ചു.തന്റെ കലാജീവിതത്തിലെ അനുഭവങ്ങളും മുന്നേറ്റങ്ങളും അദ്ദേഹം കുട്ടികളുമായി പങ്കുവച്ചു. സ്കൂൾകാലഘട്ടത്തിലെ ഓർമ്മകളും കലോത്സവവേദികളിലെ അനുഭവങ്ങളും കുട്ടികൾക്ക് പ്രചോദനമാകുന്ന രീതിയിൽ അദ്ദേഹം പങ്കുവയ്ക്കുകയുണ്ടായി.കുട്ടികൾ വളരെ താത്പര്യത്തോടെ ധാരാളം ചോദ്യങ്ങൾ ഉന്നയിക്കുകയും രസകരമായ രീതിയിൽ

അദ്ദേഹം കുട്ടികൾക്ക് മറുപടി നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ കലാജീവിതത്തിൽ അധ്യാപകരും രക്ഷിതാക്കളും നൽകിയ പിന്തുണയും അദ്ദേഹം അനുസ്മരിച്ചു.ജീവിതത്തിലെ പല പ്രതിസന്ധിഘട്ടത്തെയും തരണം ചെയ്ത് മുന്നേറാനുള്ള ഒരു പ്രചോദനമായിരുന്നു കുട്ടികൾക്ക് അദ്ദേഹം പകർന്നു നൽകിയത്. അദ്ദേഹത്തിന്റെ അമ്മയുമായും മറ്റ് കുടുംബാംഗങ്ങളുമായി കുട്ടികൾ കുറച്ചു നിമിഷങ്ങൾ പങ്കുവയ്ക്കുകയുണ്ടായി.സാധാരണ കുടുംബത്തിൽ ജനിച്ച് വളർന്ന് സ്വന്തം ഇച്ഛാശക്തി കൊണ്ട് ഉയരങ്ങൾകീഴടക്കാനുള്ള ആത്മവിശ്വാസം നൽകുന്ന ഒന്നായിരുന്നു ഈ ആദരിക്കൽ ചടങ്ങ്.

ആദിത്യ കൃഷ്ണൻ
7 എ



# വിദ്യാലയം പ്രതിഭകൾക്കൊപ്പം (എച്ച്.എസ്.വിഭാഗം)



വിദ്യാലയം പ്രതിഭകൾക്കൊപ്പം എന്ന പരിപാടിയുടെ ഭാഗമായി പ്രസിദ്ധ സംഗീതജ്ഞനായ മുഖത്തല ശിവജിസാറിനെയാണ് ആദരിച്ചത്.നവംബർ 14 ന് ഉച്ചകഴിഞ്ഞ് 1.30 ന് ആയിരുന്നു ചടങ്ങ്.ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും ഞങ്ങൾ 14 കുട്ടികളും പി.റ്റി.എ.പ്രസിഡന്റും മലയാള വിഭാഗം അധ്യാപകരും പങ്കെടുത്തു. പൂക്കൾകൊടുത്താണ് ഞങ്ങൾ സാറിനെ ആദരിച്ചത്.എല്ലാവരും ശിവജിസാറുമായി ഒരു മണിക്കൂർ സമയം അഭിമുഖം നടത്തി.ഞങ്ങൾ ഓരോരുത്തരുടെയും ചോദ്യത്തിന് വളരെ ഉത്സാഹകരമായി അദ്ദേഹം മറുപടി നൽകി.സംഗീതജീവിതത്തെക്കുറിച്ചും അധ്യാപകജീവിതത്തെക്കുറിച്ചുമായിരുന്നു അദ്ദേഹം സംസാരിച്ചത്.വളരെ സാധാരണ കുടുംബത്തിൽ ജനിച്ച ആളായിരുന്നു അദ്ദേഹം.പിതാവ് വളരെ നല്ല ഒരു സംഗീത്ജ്ഞനായിരുന്നു.എന്നിട്ടും അറിയപ്പെടാൻ കഴിഞ്ഞില്ല.തന്റെ കഴിവ് മകനിലൂടെ അറിയപ്പെടണമെന്ന് പിതാവ് ആഗ്രഹിച്ചു . അതിനുവേണ്ടി ഒരു സംഗീത അധ്യാപകനെ ദൂരെ നിന്നും വരുത്തിച്ച് വീടിനടുത്ത് താമസിപ്പിച്ചു. അങ്ങനെയാണ് ഇത്രയും നല്ല ഒരു കലാകാരന്റെ ഭാവിയിലേക്കുള്ള വഴിതിരിയുന്നത്.മുഖത്തലയിൽ താമസിക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ വാക്കുകൾ മങ്ങാടിന്റെ പഴയ ഓർമ്മകളിലൂടെ കടന്നു പോയി.മങ്ങാട്ടും

മുഖത്തലയും അദ്ദേഹത്തിന്റെ രണ്ട് കണ്ണുകൾ പോലെയാണെന്നും രണ്ടു നാട്ടിനും അദ്ദേഹം ഒരേ പ്രാധാന്യം  നൽകുന്നു എന്നും അദ്ദേഹം പറഞ്ഞു.ഞങ്ങൾ ആവശ്യപ്പെട്ടതന ുസരിച്ച് അദ്ദേഹം ഞങ്ങളക്കുവേണ്ടി സിനിമാപ്പാട്ടും ലളിതഗാനവും ആലപിച്ചു.എന്റെ കൂട്ടുകാരുടെ കൂട്ടത്തിൽനിന്നും പാടാൻ കഴിവുള്ളവരും പാട്ടുപാടി .എന്റെ  സ്കൂൾകാല ജീവിതത്തിലെ ഒരു നല്ല അനുഭവമായിരുന്നു ഈ ആദരിക്കൽ ചടങ്ങ്.



ആദിത്യ സുനിൽ
9 എ

## യാത്രാ മൊഴി



ഓർക്കുന്നു ഞാനെൻ ബാല്യം
ഓർക്കുന്നു ഞാനെൻ കളിത്തോഴനെ
വയലിൻ  വരമ്പത്തോടിക്കളിച്ചു
 ഞാനെൻ ഉറ്റ ചങ്ങാതിയുടെ
കൈകൾ കോർത്തുപിടിച്ച്,
കാട്ടിലും,മേട്ടിലും,മലയിലും
മഴയിലും കൈകോർത്തു ഞങ്ങൾ
ആടിപ്പാടിക്കളിച്ച കാലം
കാലത്തിൻ വേഗത്തിൽ മാഞ്ഞു
പോയെൻ പ്രിയ തോഴന്റെ മുഖം
വിട പറഞ്ഞകലുന്നു
ഞാനെന്റെ ചങ്ങാതിയെ വിട്ട്
എന്റെയെല്ലാ ഓർമകളെയും മായിച്ച്
തിരിച്ചു വരികയില്ല ഞാൻ
യാത്രയാവുകയായി
പിരിയുമ്പോൾ പറയുവാൻ
എൻ ചങ്ങാതി നിന്നോട്
വെറുമൊരു യാത്രാ മൊഴി മാത്രം



അർപ്പിത ബാലു
7 എ

# എന്റെ ചിത്രം




സ്നേഹ വി എസ്
8 സി



## പ്രളയാക്ഷരങ്ങൾ



**2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയം. കേരളത്തിന്റെ ഓർമ്മയിൽ ഒരു പേടിസ്വപ്നമായി അവശേഷിക്കുന്ന,വിവരണാതീതമായ ദുരിതങ്ങളിൽക്കൂടിയാണ് കേരളജനതകടന്നുവരുന്നത്.പ്രളയദുരിതം നേരിട്ട് അനുഭവിക്കാത്തവരും,ദൃശ്യമാധ്യമങ്ങളിലൂടെയും,ദിനപത്രങ്ങളിലൂടെയും വേദനാജനകമായ അനുഭവങ്ങൾപങ്കുവച്ചു,ദിനംപ്രതി വന്ന വാർത്തകൾ മനുഷ്യസ്നേഹികളുടെ ഉറക്കം കെടുത്തി. പ്രളയം ദുരിതം വിതച്ചെങ്കിലും കേരളീയന്റെ നവോത്ഥാനമനസ്സ് ഉണർന്നെണീറ്റു കൊണ്ട് ജിവരക്ഷക്കായി പ്രളയജലത്തിലേക്ക് ഇറങ്ങി .ജാതി-മത-രാഷ്ട്രീയ പരിഗണനകൾ ഏതുമില്ലാതെ രക്ഷാപ്രവർത്തകർപ്രവർത്തിച്ചതുകൊണ്ടാണ് മരണസംഖ്യയും മറ്റുംകുറയ്ക്കാൻ കഴി ഞ്ഞത് .സർക്കാർ സുരക്ഷാസംവിധാനങ്ങളും മത്സ്യതൊഴിലാളികളും സന്നദ്ധപ്രവർത്തകരും ജീവരക്ഷക്കായി എത്തിയപ്പോൾ നിങ്ങൾ ഏത് ജാതിയാണ്,ഏത് മതമാണ് എന്ന് ചോദിച്ചില്ല . ചികിത്സിക്കാൻ എത്തിയ ഡോക്ടർമാരോട്ടും അങ്ങനെ തികച്ചും മതേതരവും മാനവികതയിൽ ഉറച്ച്നിൽക്കുന്നതുമായ ഒരു യുഗപ്പിറവിയായി മാറി ദുരന്തം വിതച്ച പ്രളയം .പ്രളയം മഹാദുരന്തങ്ങളിൽ ഒന്നാണ് .പ്രളയം യുവജനതയ്ക്ക് ഒരു മറക്കാനാവാത്ത പാഠമാണ്. അമിത മതബോധം ആപത്താണ്. ഒരു നിമിഷം മതി എല്ലാം മാറിമറിയാൻ .ദുരന്തത്തിൽ നമ്മൾക്ക് മതവും ജാതിയുമില്ല .ഇത് എല്ലാവർക്കും മറക്കാൻ പറ്റാത്ത അനുഭവമാണ്.**



**സൂര്യ എസ് പിള്ള**
**8 സി**

# സൗഹൃദം



ഒരേ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളായിരുന്നു എലീനയും ജാനറ്റും .എലീന മറ്റുള്ളവരോട് സ്നേഹവും കരുണയും ഉള്ള കുട്ടിയായിരുന്നു.അതേ സമയം ജാനറ്റ് മഹാ അഹങ്കാരിയായിരുന്നു.കാരണം അവൾ വളരെ സമ്പത്തുള്ള കുടുംബത്തിൽ നിന്നും വരുന്നകുട്ടിയായിരുന്നു.അവളുടെ ഈ അഹങ്കാരം കാരണം മറ്റ് കുട്ടികളാരും അവളെ ഇഷ്ടപ്പെട്ടിരുന്നില്ല.എലീനയെ എല്ലാവർക്കും വളരെ ഇഷ്ടമായിരുന്നു. അതിനാൽ ജാനറ്റ് അവസരം കിട്ടുമ്പോഴെല്ലാം എലീനയെ ഉപദ്രവിക്കുകയും കളിയാക്കുകയും ചെയ്യുമായിരുന്ന ു.പക്ഷെ പണമുള്ള വീട്ടിലെ കുട്ടിയായിരുന്നതിനാൽ മറ്റുകുട്ടികൾ ആരും ജാനറ്റിനെ ഒന്നും പറയില്ല.അങ്ങനെ അവൾ ആ സ്കൂളിലെ ഏറ്റവും മിടുക്കി എന്ന ഭാവത്തിൽ നടക്കുമായിരുന്നു .

ഒരു ദിവസം അവൾ മറ്റൊരു കുട്ടിയോടൊത്ത് നടന്നുവന്നപ്പോൾ ആ കുട്ടി മറിഞ്ഞു വീണു.അത് കണ്ട് ജാനറ്റ് പൊട്ടിച്ചിരിച്ചു കളിയാക്കി.കുറച്ചു ദിവസങ്ങൾക്കു ശേഷം അവൾ സ്കൂളിലേക്ക് വരുന്ന സമയം വഴിയിലെ ഓടയിൽ വീണുപോയി.അതുകണ്ട് കുട്ടികൾ പൊട്ടിച്ചിരിച്ചു . ആ സമയം എലീന അതുവഴി വരുന്നുണ്ടായിരുന്നു.അവൾ ഇതുകണ്ട് ഓടിപ്പോയി അടുത്തുള്ള കടയിൽ നിന്നും ആളുകളെ വിളിച്ച് കൊണ്ടുവന്നു ജാനറ്റിനെ രക്ഷിച്ചു. ജാനറ്റ് നാണിച്ചു തലതാഴ്ത്തി നിന്നു.എലീന ജാനറ്റിനോട് പറഞ്ഞു, "നീ മറ്റുള്ളവരോട് സ്

നേഹവും ദയയും കാണിക്കാത്തതുകൊണ്ടാണ് നിനക്ക് ആപത്തു വന്നപ്പോൾ മറ്റുള്ളവർ സന്തോഷിച്ചത്." തന്റെ തെറ്റ് മനസ്സിലാക്കിയ ജാനറ്റ് എല്ലാവരോടും മാപ്പു പറഞ്ഞു നല്ല കുട്ടിയായി മാറി.അന്നുമുതൽ എലീനയും ജാനറ്റും നല്ല സുഹൃത്തുകളായി മാറി

ജ്യോത്സ്ന ഷൈജൻ

5 എ



# തണൽ മരം



വെട്ടി മുറിക്കുന്നതെന്തിനാണ്
മനുഷ്യരെ നിങ്ങൾ? പറയൂ....!
പ്രകൃതിയുടെ പകുതിയും മരത്തിന്റെ
ഭംഗിയല്ലേ....
എന്നിട്ടുമെന്തിനാണതിനോട് ഈ
ദ്രോഹം?
സൂര്യന്റെ താണ്ഡവം സഹിക്കാൻ
നിങ്ങൾക്ക് തണലേകും കൊച്ചുമരമല്ലെ...
എത്ര ജന്തുക്കളാണതിന്റെ മേനിയെ
വീടായ് കരുതി വസിക്കുന്നതോ...
എന്നിട്ടുമെന്തിനാണതിനോടീ ദ്രോഹം
എല്ലാം സഹിച്ച് നമുക്ക് തണലേകും
കൊച്ചുമരമല്ലേ....
ചുട്ടു പൊള്ളുന്ന വെയിലിൽ തുണയായി
നിൽക്കുന്ന കൊച്ചുമരമല്ലേ...
നമ്മുടെ ജീവനുവേണ്ടി സ്വന്തം മേനിയിൽ
വെയിലും,മഴയും,മഞ്ഞും കൊണ്ട്
നിൽക്കും കൊച്ചുമരമല്ലേ....
എന്നിട്ടുമെന്തിനാണതിനോടീ ദ്രോഹം.....!




താജി നിസാർ
7 എ

# എന്റെ ചിത്രങ്ങൾ









**സൗരഭ് ആർ**

**9 എ**

# ലിറ്റിൽ കൈറ്റ്സ് ഐ.റ്റി. കൂട്ടായ്മ



ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് സാങ്കേതിക വിദ്യയിൽ കൂടുതൽ അറിവ് നേടി കൊടുക്കാൻ സംസ്ഥാന സർക്കാരും കൈറ്റും ചേർന്ന് നടത്തുന്ന ഒരു കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്.

സാധാരണ കുട്ടികൾക്ക് പരിശീലനം നൽകി അവരെ സാങ്കേതിക ലോകത്തേക്ക് കൂട്ടിച്ചേർക്കാൻ ഈ കൂട്ടായ്മ സഹായിക്കുന്നു.ഒരു ഹൈസ്കൂൾ വിദ്യാർത്ഥി എന്ന നിലയിൽ ഈ ക്ലബിന്റെ ഭാഗമാകാനുള്ള ഭാഗ്യം എനിക്കും കിട്ടിയിട്ടുണ്ട്.എല്ലാ ബുധനാഴ്ചയും വൈകിട്ട് ഒരു മണിക്കൂറാണ് പരിശീലന സമയം.കോയിക്കൽ ഗവ.ഹയർ സെക്കന്റഡറി സ്കൂളിൽ വെച്ച് നടന്ന പ്രിലിമിനറി ക്യാമ്പിലൂടെയാണ് 2019 – 20 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഞങ്ങളുടെ തുടക്കം.പിന്നിട് സ്കൂളിൽ വച്ച് നടന്ന പരിശിലന പരിപാടിയിൽ ആനിമേഷൻ, പ്രോഗ്രാമിങ്,മലയാളം ടൈപ്പിങ് ,ഇന്റർ നെറ്റ്,മൊബൈൽ ആപ് നിർമ്മാണം എന്നിങ്ങനെ പല മേഖലകളെ കുറിച്ച് പഠിച്ചു.**Tupi tube desk,Scratch 2,MIT app inventer,Libre office writer,GIMP image editor** എന്നീ സോഫ്റ്റ് വെയറുകൾ പരിചയപ്പെടാൻ കഴിഞ്ഞു.വളരെ രസകരവും ഉപകാരപ്രദവുമായ ക്ലാസുകളായിരുന്നു.ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലൂടെ കമ്പ്യൂട്ടർ ഉപകരണങ്ങളെ കുറിച്ച് അറിയാനും ഭാവിയിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെ കുറിച്ച് മനസ്സിലാക്കാനും സാധിച്ചു.

ലിറ്റിൽ കൈറ്റ്സ് സബ്ജില്ലാതക്യാമ്പ്

**ലിറ്റിൽ കൈറ്റ്സ് സ്കൂൾതല ക്യാമ്പിൽ നിന്നും ആനിമേഷൻ , പ്രോഗ്രാമിംങ് മേഖലയിൽ നിന്നും തിരഞ്ഞെടുത്ത ഞങ്ങൾ ആറു കുട്ടികളെയാണ് സബ് ജില്ലയിലേക്ക് വിട്ടത് . എന്തുകൊണ്ട ും സ്കൂൾ തല ക്യാമ്പിൽ നിന്നും സബ് ജില്ലാ ക്യാമ്പ് വളരെ വ്യത്യസ് തമായിരുന്നു.ജില്ലയിലെ ആറോളം സ്കൂളുകളിൽ നിന്നും നാൽ പ്പതോളം കുട്ടികൾ പങ്കെടുത്തു.**





**നവംബർ 29 നും ഡിസംബർ ഒന്നിനുമായി നടന്ന ഈ ദ്വിദിന ക്യാമ്പ് കോയിക്കൽ സ്കൂളിൽ വച്ചായിരുന്നു ആദ്യത്തെ ദിവസം കുറച്ചു സമയം എല്ലാ കുട്ടികളേയും ചേർത്തുള്ള സെക്ഷനിൽ ചിത്രം വരക്കു ന്നതിനും ചിത്രങ്ങൾ എഡിറ്റു ചെയ്യുന്നതിനുമായി കൃത എന്ന സോഫ്റ്റ് വെയർ പരിചയപ്പെട്ടു . പിന്നീട് മുഴുവൻ കുട്ടികളേയും ആനിമേഷൻ , പ്രോഗ്രാമിങ് എന്നിങ്ങനെ വെവ്വേറെ സെക്ഷനാക്കി. tupi -tube desk എന്ന സോഫ്റ്റ്വെയറിൽ ഓരോ സീനുകൾ കോർത്തിണക്കി ഒരു സിനിമ നിർമ്മിക്കാനും സർ നിർദ്ദേശിച്ചു . കോയിക്കൽ സ്കൂളിലെ കൈറ്റ് മാസ്റ്ററായ രാജു സാറായിരുന്നു ക്ലാസ്സ് എടുത്തിരുന്നത് . അടുത്ത ദിവസം blender എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ച് 3D title നിർമ്മിക്കാനും സർ പഠിപ്പിച്ചു . വളരെ രസകരവും ഉപയോഗപ്രദവുമായ ഒരു ക്യാമ്പായിരുന്നു. ഒരുപാട് അറിവുകൾ ഒപ്പിയെടുക്കാൻ സാധിച്ചു .**



**ആദിത്യ സുനിൽ**

**9 എ**

# ഒരു വട്ടം കൂടി



ഈ ധരണിയെത്ര വേഗത്തിലാണ്-
ചലിക്കുന്നത്?
ഇന്ന് ആഹ്ലാദമൊഴുക്കി കാണുന്ന കാഴ്ചകൾ-
നാളയുടെ ഓർമ്മച്ചുരുക്കുകൾ.
ആ മധുരപൂങ്കുയിൽ ശബ്ദമൊന്ന് നിലച്ചാൽ-
വീണ്ടും ഒരു വട്ടം കൂടി ആസ്വദിക്കാൻ
ചിത്തത്തിൽ തിടുക്കം വർദ്ധിക്കുന്നു.

നാമികണ്ടാസ്വദിക്കുന്ന പട്ട് ചുറ്റിയ കേരളത്തിന്റെ
മനോഹാരിതയും പച്ചപ്പും ഒരു വട്ടം കൂടി
ഒന്നു കാണാൻ കഴിയുമോ..,


എൻ വാക്കുകൾ ഈ പ്രപഞ്ചമാകുന്ന, മാതാവാ-
കുന്ന, ധരണിയെ പറ്റി നിർത്താതെ പുൽകുന്നു.
ഈ വാക്കുകൾ ഒന്നു നിശ്ചലമായപ്പോൾ
ഒരു വട്ടം  കേൾക്കാൻ ആ ചിത്തം കൊതിക്കുന്നു

ഈ  ധരണിയൊന്നു നിശ്ചലമാകുമ്പോൾ-


**പ്രപഞ്ച മനുഷ്യർചിത്തത്തിൽ ചിന്തിക്കും**
**ഒരുവട്ടം കൂടി ആ ധരണിയൊന്ന് ഉരുണ്ടാലോ;**
**ആരോരാൾ മനസിടറിയാൽ –**
**നാം ഒരുവട്ടം കൂടി ആ വാക്കുകൾക്ക് കാതോർക്കും**
**ആകാശമൊന്ന് വദനം കറുപ്പിച്ചിരുന്നാൽ**
**ഒരുവട്ടം കൂടി ആ വേനൽചൂടിന് കാത്തിരിക്കും**

**ലോകമീ തരുന്ന സൗഭാഗ്യങ്ങൾ**
**ഭൂമി മാതാവിന്റെ ചുവട്ടിൽനിന്ന്–**
**ഏറ്റുവാങ്ങുമ്പോൾ,**
**മനുഷ്യർ, ഈ പ്രപഞ്ചം തന്നെ തകർത്തെറിയുമ്പോൾ**
**മിഴിയിൽ നിന്ന് ആ ചുടു കണ്ണീർ ഇറ്റുവീഴുമ്പോൾ**
**ഒരു വട്ടം കൂടി ഈ ദാനം കിട്ടിയാലെന്ന്**
**മനുഷ്യൻ ലോകത്തോടു പറയുന്നു**
**ജീവിതത്തോടൊപ്പം കാത്തിരിക്കുന്നു**

**ജയലക്ഷ്മി ആർ**
**8 എ**



## എന്റെ ചിത്രം





സ്വാലിഹത്ത് എസ്

**10 എ**

8 A

# എന്റെ അമ്മ



ഈ ലോകത്തിൽ നമ്മളെ സ്നേഹിക്കുന്നതും നമ്മൾ സ്നേഹിക്കുന്നതും അമ്മയെയാണ്.അമ്മയുടെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ പുറത്തു വരുന്നതു വരെ നമ്മളെ സംരക്ഷിച്ചും ലാളിച്ചും കാക്കുന്ന അമ്മ, 10 മാസം ചുമക്കുന്ന നമ്മുടെ അമ്മയെ നമ്മൾ എന്തുമാത്രം വേദനിപ്പിക്കുന്നു ?എന്നാൽ അതെല്ലാം മറന്ന് വാരിപ്പുണർന്ന് നെഞ്ചോട് ചേർക്കുന്നു നമ്മുടെ അമ്മ.ഇക്കാലത്ത് ഫാഷനായി മാറിക്കോണ്ടിരിക്കന്ന ഒരു കാര്യം പറയാം. നമ്മളെ പത്തുമാസം ചുമന്ന് വളർത്തി വലുതാക്കി ഒരു നിലയിൽ എത്തിക്കഴിഞ്ഞാൽ നമ്മുക്ക് ശല്യമായി മാറുന്ന ആ നിമിഷത്തിൽ ആ അമ്മയെ നമ്മൾ വ ൃദ്ധമന്ദിരത്തിലോ തെരുവിലോ ഉപേക്ഷിക്കുന്നു.എന്തുകോണ്ടാണ് മനുഷ്യർ ഇത്ര നീചരാകുന്നത് ?ആ നിമിഷത്തിൽ പോലും മക്കൾക്ക് നല്ലത് വരണമെന്ന് മാത്രം അമ്മ ചിന്തിക്കുന്നു.ആ നിമിഷത്തിൽ


എന്തുമാത്രം വേദനിക്കുന്നുണ്ടാവും ആ മനസ്സ്. ദൈവത്തിന് സമമായി നമ്മൾ അമ്മമാരെ കാണണം.അമ്മയില്ലെങ്കിൽ നമ്മുക്ക് പിടിച്ചു നിൽക്കാൻ പറ്റിയെന്നു വരില്ല.അതുകൊണ്ട് അമ്മയെ വേദനിപ്പിക്കരുത്.അത് ഈ ജന്മത്തിൽ നമ്മുക്ക് നന്മ വരുത്തില്ല . പറ്റുന്നിടത്തോളം സ്നേഹിക്കുക. ഒരുപാട് സ്നേഹിക്കുക അതിൽപരം പുണ്യമില്ല



രഹ്ന എസ്

8 സി

# വിദ്യാലയത്തിലെ അക്ഷരപടികൾ



വിദ്യാലയം വിദ്യയുടെ കേന്ദ്രം
സാന്ദ്രസൗഹൃദത്തിൻ ലോകം
സ്നേഹബാഷ്പധാരയുടെ ലോകം
സാന്ദ്രസൗഹൃദത്തിന്റെ വീട്
വിദ്യയുടെ അക്ഷരപടികളിൽ നിന്ന് വിടർന്ന സ്നേഹം
മലർ വിടർന്നപോൽ തെളിഞ്ഞു
അതിൽ മധുരം പകരാനൻ അധ്യാപകരും
മധുരം നുണയാൻ വിദ്യാർത്ഥികളും
സ്നേഹമെന്നത് വിദ്യയുടെ ആദ്യപടി
സൗഹൃദം എന്നത് വിദ്യയുടെ രണ്ടാംപടി
വിദ്യ സരസ്വതിദേവി കടാക്ഷം
മരം ഒരു വരമെന്നപോലെ
സ്നേഹം തെളിനീരായി വന്നു
വിദ്യ അനുഭവമായി വന്നു
വിദ്യ എന്നും സൗഹൃദത്തിൻ വഴികാട്ടി
വിദ്യാർത്ഥികൾ എന്നും സ്നേഹത്തിൻ വഴികാട്ടി



ജീവിതാനുഭവത്തിൽ വിലയേറിയ അനുഭവം വിദ്യാലയനുഭവം
സ്നേഹത്തിന്റെ സൗഹൃദത്തിന്റെ അനുഭവം
മറക്കില്ല മരിക്കില്ല സൗഹൃദം
വിടരാതിരിക്കില്ല വിടരും സൗഹൃദം.

സൂര്യ എസ് പിള്ള

8 സി

## ആകാശപുത്രി

രത്നങ്ങളുടെ വർണ്ണം കവർന്നെടുത്ത് ആകാശത്തിൽ മിന്നിതിളങ്ങുന്ന താരാജാലക്കൂട്ടം.തന്റെ ഉറ്റ ചങ്ങാതിയായ അമ്പിളിയമ്മാവൻ ബൃഹദാകാരങ്ങളിൽ നിൽക്കുന്നു.പാതയിലൂടെ ഒരു ബ്രാഹ്മണൻ നടന്നുവരികയാണ്.ആരോ അലറികരയുന്നതുകേട്ട് തിരിഞ്ഞ് നോക്കിയ അദ്ദേഹം കണ്ടത് ചുവന്ന സാരിയുടുത്ത് ഭ്രാന്തിയെപ്പോലെ മുടിയഴിച്ചിട്ട് ഓടിവരുന്ന ഒരു സ്ത്രീയെയാണ്.എന്താണെന്ന് അന്വേഷിക്കാൻ അദ്ദേഹം ആ അമ്മയുടെ അടുത്തേയ്ക്ക് ചെന്നു.അദ്ദേഹം പറഞ്ഞു ,"നീയൊരു അമ്മയും ഭാര്യയുമാണെന്ന് എനിക്കറിയാം.നിന്റെ ശിരസ്സിലെ കുങ്കുമപൊടി അത് സൂചിപ്പിക്കുന്നു.മകളേ നിന്റെ സങ്കടങ്ങൾ എന്നോട് പറയൂ."

ക്രന്ദനസ്വരത്തോടെ ആ അമ്മ തന്റെ സങ്കടങ്ങൾ പങ്കുവെയ്ക്കാൻ തുടങ്ങി,"എന്റെ വിവാഹം കഴിഞ്ഞ് ആറ് വർഷം കഴിഞ്ഞിട്ടും ഒര് കുഞ്ഞിക്കാല് കാണാനുള്ള ഭാഗ്യം സർവ്വേശ്വരൻ ഞങ്ങൾക്ക് തന്നില്ല.നൂറായിരം അമ്പലങ്ങളിലും കാവുകളിലും ചെന്ന് തൊഴുതു.ആയിരത്തിയൊന്നാമത്തെ കാവിൽ കാല് കുത്തിയതും എന്റെ ആഗ്രഹം സഫലമായി.എന്നിൽ അമ്മയാകാനുള്ള മാറ്റങ്ങൾ കണ്ട് തുടങ്ങി.അങ്ങനെ ഒരു പെൺകുഞ്ഞിന് ഞാൻ ജന്മം നൽകി.വളർന്നപ്പോൾ അവൾ ഐശ്വര്യത്തിന്റെ പ്രതീകമായി മാറി.ചൈതന്യം തുളുമ്പുന്ന മുഖമായിരുന്നു അവളുടേത്.പഠനത്തിലും കലയിലുമെല്ലാം വടക്കുംനാഥൻ അവൾക്ക് പ്രത്യേക കഴിവുകൾ കനിഞ്ഞ് നൽകിയിരുന്നു എന്നാണ് ഞങ്ങളുടെ വിശ്വാസം.ഒരു പൂമ്പാറ്റയെപ്പോലെ അവൾ പറന്നുയരാൻ തുടങ്ങി.അവളുടെ ആഗ്രഹം ഒരു നല്ല നർത്തകിയാകണമെന്നായിരുന്നു.ദൈവം കനിഞ്ഞ് നൽകിയ  ഞങ്ങളുടെ മകളെ ഒരു വാക്കുകൊണ്ടോ നോട്ടം കൊണ്ടോപോലും ഞങ്ങൾ വേദനിപ്പിച്ചിട്ടില്ല.അവളുടെ ഇഷ്ടപുഷ്പം പനിനീർപ്പൂവായിരുന്നു.അവൾ നൃത്തത്തിന് ചുവട് വയ്ക്കുമ്പോൾ തന്റെ കാർകൂന്തലിൽ ഒളിപ്പിച്ച് വയ്ക്കാറുള്ള പനിനീർപുഷ്പം ജനക്കൂട്ടം ശ്രദ്ധിക്കുമായിരുന്നു,

ഒരുദിവസം ഒരാൾ അവളോട് തന്റെ പ്രണയം തുറന്നു പറഞ്ഞു.അവൾക്കും അവനെ ഇഷ്ടമായിരുന്നു.അവർ പലസ്ഥലങ്ങളിലായി കണ്ടുമുട്ടാൻ

തുടങ്ങി.അപ്പോഴൊന്നും അവന്റെ മൃഗസ്വഭാവം അവൾ തിരിച്ചറിഞ്ഞിരുന്നില്ല.ഒരു ദിവസം അവളെ അവൻ തന്റെ വീട്ടിലേയ്ക്ക് ക്ഷണിച്ചു.അവന്റെ ആഗ്രഹപ്രകാരം അവൾ അവിടെ ചെന്നു.അപ്പോഴാണ് അവന്റെ ക്രൂരസ്വഭാവം അവൾക്ക് മനസ്സിലായത്.അവൻ അവളെ അതിക്രൂരമായി ഉപദ്രവിച്ച് കൊന്നു.

രാത്രിയായിട്ടും തിരികെയെത്താത്തതുകൊണ്ട് ഞങ്ങൾ അവളെ അന്വേഷിച്ചിറങ്ങി.അങ്ങനെ നടന്ന് നടന്ന് അടച്ചിട്ടിരിക്കുന്ന ഒരു വീടിന്റെ മുൻ പിലെത്തി.ഇളംകാറ്റിലൂടെ പരക്കുന്ന പനിനീർപ്പൂവിന്റെ ഗന്ധം നാസികയിൽ തട്ടി.ഓടിച്ചെന്ന് ആ കവാടം തള്ളിതുറന്നപ്പോൾ കണ്ട കാഴ്ച



അസ്സഹനീയമായിരുന്നു.വികൃതമായ ആകാരം കണ്ട് ഞാൻ ഒരു ഭ്രാന്തിയെപ്പോലെ അലറാൻ തുടങ്ങി.എന്റെ മകളുടെ മരണത്തിന് കാരണക്കാരനായ അവനെ കൊല്ലാൻ മനസ്സിലുറപ്പിച്ചു.മതിയായ തെളിവുകളില്ലെന്ന്പറഞ്ഞ് കോടതി അവനെ വെറുതെ വിട്ടു. എന്നാൽ ഞാൻ അവനെ എന്റെ കരങ്ങളാൽ കൊന്ന് പാതയോരത്ത് തള്ളി.അവൾ ഞങ്ങൾക്ക് ഒരു മാലാഖകുഞ്ഞ് തന്നെയായിരുന്നു.അവളുടെ തെറ്റായ മാർഗ്ഗം ഞാൻ തിരിച്ചറിഞ്ഞിരുന്നില്ല.”

അപ്പോഴാണ് ബ്രാഹ്മണന് ആ അമ്മയുടെ കരച്ചിലിന്റെ ആഴം മനസ്സിലായത്.ആ പരാക്രമിയെ കൊന്നശേഷം എന്നെ രക്ഷിക്കണമേയെന്ന് കേണപേക്ഷിക്കുകയായിരുന്നു ആ അമ്മ.ദുഃഖത്തോടെ ആകാശത്തേയ്ക്ക് നോക്കി ആ അമ്മ പറഞ്ഞു,”പുത്രി നിന്റെ മരണം എനിക്ക് താങ്ങാനാകില്ല.ഞാനാപരാക്രമിയെ കൊന്നു.പുത്രി നീ എന്നെ വെറുക്കരുതേ.”"നീ ഒരിക്കലും ശിക്ഷിക്കപ്പെടുകയില്ല,ഒരു മാതാവിന്റെ കർമ്മമാണ് നിർവ്വഹിച്ചത്."ആകാശത്തുനിന്ന് പറന്നുവന്ന ഒരു മാലാഖയുടെ കൈയ്യിൽനിന്ന് വീണ ഒരു പനിനീർപൂ തന്റെ മകളുടെ ഓർമ്മയ്ക്കായി ബ്രാഹ്മണൻ ആ അമ്മയ്ക്ക് സമ്മാനിച്ചു.പിന്നീട് അദ്ദേഹം എങ്ങോട്ടെന്നില്ലാതെ നടന്ന് നീങ്ങി..................



ജയലക്ഷ്മി ആർ


8 എ

# ഡിജിറ്റൽ പൂക്കളങ്ങൾ
















# സുവർണ്ണ നിമിഷങ്ങൾ















തപസ്സ്






2011 - 2012




KOLLAM CORPORATION
K.SUDHAKARAN (Retd. HM) MEMORIAL AUDITORIUM


2011 - 2012
GHSS മങ്ങാട്
ലഹരിവിരുദ്ധ
ജൂൺ 26 ലോകലഹരി
ദിനം


INFORMATION OFFICER
HEADMASTER






ഒക്ടോബർ 1
ലോക
വയോജനദിനം




കേരള വനം - വന്യജീവി വകുപ്പ്
വന്യജീവി
വാരാഘോഷം












(SPC)












# MY LIFE

**My Life is a mystery of troubles**
**But I am happy with my Life**
**Which God has given to me the**
**Precious gift**

**The eyes to see**
**The ears to hear**
**The hands to write**
**The legs to walk**
**The brain to think**

**But the most precious gift**
**God has given to me is my parents**
**to love and care me**


**Thank you God for the precious gifts**
**Thank you God for the life**
**You have given me**



Adithya Krishna

7 A

# THE HUMAN CLOCK



**Our life follows a daily rhythm , and our bodies have natural built in clocks that follow this rhythm .**

**These internal clocks tell us when it is time to sleep and wake up , when we are hungry or tired . In fact, our bodies are governed by not one, but several internal clocks.**

**For example, the pulse is like a clock that measure the heartbeat in a standard interval of time .**

**Scientists now know that each cell in the body has its own little clocks, and that the bodies clock like rhythms regulate every biological process.**

**However , they do not yet have a complete picture of all the clocks in our body , and how they work together.**

**SHEFNA.S**
**IX.A**




# FIRST IN INDIA

| | | |
|---|---|---|
| **Nobel prize for literature (1913)** | : | **Rabindranath Tagore** |
| **Nobel prize for physics (1929)** | : | **C.V. Raman** |
| **Nobel prize for peace (1979)** | : | **Mother Teresa** |
| **Nobel prize for economics(1998)** | : | **Amartya Sen** |
| **Women governor of the state** | : | **Smt. Sarojini Naidu** |
| **Indian to get an oscar** | : | **Bhanu Athaiya** |
| **First female president** | : | **Prathiba Patil** |
| **First female prime minister** | : | **Indira Gandhi** |
| **First Indian woman to climb Mt.Everest** | : | **Bachendri Pal** |
| **Indian male cosmonaut (1984)** | : | **Rakesh Sharma** |
| **Indian female cosmonaut** | : | **Kalpana Chawla (1997)** |
| **First newspaper** | : | **Bengal Gazette (1780)** |
| **Atomic power station** | : | **Tarapore** |
| **First satellite** | : | **Aryabatta (1967)** |



**AMMU.S**
**9 A**

# CHATTAMPI SWAMIKAL




**Chattampi swamikal was born in Kollur in Thiruvananthapuramum.His real name was Ayyappan. During his gurukula days,he was assigned by his guru the duty to monitor and administer the rules in the gurukula. Thus he earned the name Chattampi [the one who is assigned to administrate the rulers] and later came to be known as Chattampi Swamikal. He was philanthropist who worked for the benefit and well being of human society irrespective of caste and creed .He argued for the temple entry of the depressed classes and their freedom of fight. He interdined with the depressed classes and worked for their social progress. He opposed the brahminic domination that existed in the society and co-operated with all sections of society in the activities for social reformation. He had deep knowledge in vedas and upanishads. The important works of Chattampi Swamikal are Vedadikara niroopanam and Pracheena malayalam. His samadhi was at Panmana in Kollam district.**



**Thaji Nizar**
**7 A**

# MOTHER, MY LOVELY MOTHER



Mother,my lovely mother
About me, you always bother
Carried me for nine months
Care me every day.


You are my first teacher,
Your voice is so sweet
Guides me in the right path

Holds me when I fall
Rushes to me when I call
Loves me though I disobey
Hugs me with warmth and love.

Thank you mother for loving me,
Caring me and living for me
Still I can’t repay you
But I’ll always love you !

**Adithya Krishna S**

**7 A**



# EASY v/s DIFFICULT

**Easy to fridge the mistakes of others**
**Difficult to recognize our own mistakes**
**Easy to forgive others**
**Difficult to ask for forgiveness**

**Easy to set rules**
**Difficult to follow them**
**Easy to criticise others**
**Difficult to improve oneself**


**Easy to receive**
**Difficult to give**
**Easy to read this**
**Difficult to follow**

**Saurabh R**



**9 A**

# GIFT OF GOD



For all  mothers
Babies are the gift

For all the babies
Love is the best.

To the silver moon
Water lillies are the gift.

To the beautiful nature
Plants are the gift.

To the aged people
Their grandchildren are the gift

To the God
Truth is the gift.


To the entire world
Man is the gift.

To the beautiful world
Our protection is the gift



**AMMU S**
**9 A**

# PENCIL & ERASER



Pencil: I am sorry that you get hurt because of me. Whenever I make a mistake you're always there to erase me. But as you make my mistakes vanish,you lose a part of yourself,get smaller & smaller each time.

Eraser:That's true. But don't really mind. I was made to do this. I was made to help you whenever you do something wrong. Even though one day I know I'll be gone forever & you will replace me with a new one, I'm actually happy with my job so please stop worrying. I hate seeing you sad.

**Parents are like erasers, where as their children are like pencils. They are always there for children, cleaning up their mistakes. Sometimes along the way, they get hurt and become smaller. Though their children will eventually find someone new, parents are still happy with what they do for their children and will always hate seeing their children and will always hate seeing their precious ones worrying or being sad.**



**Sneha v sudarsan**

9 A

# MY NAME



**I wrote my name on the side wall**
**But the rain washed it away**

**I wrote my name on my hands**
**But the soap washed it away**


**I wrote my name on my heart**
**But the blood washed it away**

**I wrote my name in the sky**
**But the clouds wiped it away**

**I wrote my name on the birthday card**
**And gave it to my mother today**

**My mother never throws ANYTHING**
**of mine away**

**SWALIHA. N**
**9 A**



**ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച എല്ലാ അധ്യാപകർക്കും സഹപാഠികൾക്കും എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിയ ഹെഡ്മിസ്ട്രസ് ഷീബ ടീച്ചറിനും രക്ഷിതാക്കൾക്കും ഞങ്ങളുടെ നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു**

